**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3425** **02-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിന്റെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കാർഷിക വികസന വകുപ്പ്, മറ്റ് അനുബന്ധ മേഖലകൾ എന്നിവ ക്ലൗഡ് കമ്പ്യൂട്ടിംഗ്, ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ പ്രയോഗവും നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ഏകോപനവും വഴി ആധുനികീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ആയതിലേക്ക് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷിക വികസന വകുപ്പ്, മറ്റ് അനുബന്ധ മേഖലകൾ എന്നിവ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ഏകോപനം വഴിയും, ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾ ആവശ്യാനുസരണം ഉപയോഗിച്ചുകൊണ്ടും ആധുനീകരിക്കുന്നതിനായി, ഇന്റഗ്രേറ്റഡ് അഗ്രിക്കൾചർ ഡാറ്റാ ഹബ് ആൻഡ് ഡിജിറ്റൽ ഫാർമേഴ്‌സ് സർവീസ് പ്ലാറ്റ്ഫോം എന്ന പേരിൽ ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും, അതിനു സംസ്ഥാന ആസൂത്രണ ബോർഡിന്റെ അനുമതി ലഭ്യമായില്ല. എന്നാൽ ഇതേ പ്രോജക്ട് ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ ഘട്ട വികസനത്തിന് 15 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത് . |
| (ബി) | പട്ടാമ്പിയിലെ സെൻട്രൽ ഓർച്ചാഡ് ഫാമിന്റെ അടിസ്ഥാന വികസനത്തിനും പൊതുജനങ്ങളെ ആകർഷിക്കുന്നതിനും ഈ വർഷത്തെ ബഡ്ജറ്റിലെ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടാമ്പിയിലെ സെൻട്രൽ ഓർച്ചാഡ് ഫാമിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 4401-00-104-98 ശീർഷകത്തിൽ 22.9 ലക്ഷം രൂപ വകയിരുത്തി ഫാമിന്റെ ആവശ്യത്തിലേക്കായുള്ള സ്റ്റോർ മുറി, തൊഴിലാളികൾക്കുള്ള കോമൺ ടോയ്‌ലറ്റ് & വാഷ് റൂം, ചുറ്റുമതിൽ നിർമ്മാണവും ഫെൻസിങ്ങും എന്നിവ നടത്തി വരുന്നു. നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനും വിതരണത്തിനും പോളി ഹൗസ് , റെയിൻ ഷെൽട്ടർ തുടങ്ങിയവയുടെ അറ്റകുറ്റപ്പണി, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 13.3055 ലക്ഷം രൂപ പട്ടാമ്പി സെൻട്രൽ ഓർച്ചാർഡിന് അനുവദിച്ചു നൽകുകയും പ്രസ്തുത തുക ചെലവഴിച്ചു ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണവും നടത്തി വരുന്നു. ഫലവർഗ്ഗ വിളകളുടെ മുന്തിയയിനം ഗ്രാഫ്റ്റുകൾ, ലെയറുകൾ എന്നിവക്ക് പുറമെ വേര് പിടിപ്പിച്ച |

| | | | |
|---|---|---|---|
| | | | കുരുമുളക് വള്ളികൾ, ഔഷധ സസ്യങ്ങൾ, തെങ്ങിൻ തൈ, കവുങ്ങിൻ തൈ, അലങ്കാര സസ്യങ്ങൾ, പച്ചക്കറി വിത്ത് തുടങ്ങിയവ ഉത്പാദിപ്പിച്ച് കൃഷി ഭവനുകൾ മുഖേനയും ഫാമിൽ നിന്ന് നേരിട്ടും കർഷകർക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ പൊതു ജനങ്ങൾക്ക് ജൈവ കൃഷിക്കാവശ്യമായ ഉത്പാദനോപാധികളായ ചകിരിച്ചോർ കംബോസ്റ്റ്, മണ്ണിര കാമ്പോസ്റ്റ് മുതലായവയും ഫാമിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കി വരുന്നു. പൊതുജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനായുള്ള സംയോജിത കൃഷി രീതി, നൂതന കൃഷി സമ്പ്രദായങ്ങൾ, ഫാം ടൂറിസം പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കി ഫാമിനെ മാതൃക ഫാമാക്കി ഉയർത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ